സാമ്പത്തികം

●

മുഹമ്മദ് പാലത്ത്

# 2009
# സാമ്പത്തിക തകർച്ചയിലും പിടിച്ചുനിന്ന ഇസ്‌ലാമിക് ബാങ്കുകൾ

**കഴിഞ്ഞ** വർഷം ലോക സമ്പദ്‌വ്യവസ്ഥയെ ഒന്നാകെ പിടിച്ചുലച്ച സാമ്പത്തിക പ്രതിസന്ധി പ്രമുഖ ബാങ്കുകൾക്ക് 700 ബില്യൻ ഡോളറിന്റെ നഷ്ടമുണ്ടാക്കിയിരുന്നു. പാശ്ചാത്യ രാജ്യങ്ങളെ മാത്രമല്ല ഗൾഫ് മേഖലയിലും ബാങ്കുകളെ പ്രതിസന്ധി സാരമായി ബാധിച്ചു. 2009 നവംബറിൽ ഐ.എം.എഫ് പ്രസിദ്ധീകരിച്ച കണക്കുകൾ ശരിയാണെങ്കിൽ, പോയ വർഷത്തെ ലോക രാഷ്ട്രങ്ങളിലെ ശരാശരി ജി.ഡി.പി 4.1 ശതമാനം താഴ്ന്ന് 1.1 ശതമാനമായി (2008-ൽ 33 ശതമാനമായിരുന്നു വളർച്ചാ നിരക്ക്). 2010-ൽ ഇത് 4.2 ശതമാനം വളർച്ചയിലെത്തുമെന്നും ഐ.എം.എഫ് പ്രവചിക്കുന്നു.

അത്ര ഭീതിതമായല്ലെങ്കിലും ഗൾഫ് രാജ്യങ്ങളെയും പ്രതിസന്ധി ബാധിച്ചതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. പ്രമുഖ ജി.സി.സി രാഷ്ട്രങ്ങളായ സുഊദി അറേബ്യ, കുവൈത്ത്, യു.എ.ഇ എന്നീ രാജ്യങ്ങളുടെ ജി.ഡി.പി 2009-ൽ കുറവ് രേഖപ്പെടുത്തി. എന്നാൽ 2010-ൽ 4 ശതമാനം വരെ വളർച്ച കൈവരിക്കാനാവും. ഖത്തർ ഈ വർഷം പ്രതീക്ഷിക്കുന്ന വളർച്ച 18.5 ശതമാനമാണ്. തെക്കു കിഴക്കനേഷ്യൻ രാഷ്ട്രങ്ങളായ മലേഷ്യ, സിങ്കപ്പൂർ എന്നിവയുടെ വളർച്ചയും മൂന്ന് ശതമാനം കുറയുകയുണ്ടായി. ഈ രാജ്യങ്ങളും 2010-ൽ വളർച്ചാ നിരക്ക് ഉയർത്തുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

വിവിധ രാജ്യങ്ങളും അവിടങ്ങളിലെ പലിശാധിഷ്ഠിത

ബാങ്കുകളും പ്രതിസന്ധിയിൽ പെട്ടുഴലുമ്പോൾ അവിടങ്ങളിലെ ഇസ്‌ലാമിക് ബാങ്കുകളുടെ ആസ്തിയും വളർച്ചയും മറ്റുള്ളവയെ അപേക്ഷിച്ച് ഉയർന്നുനിൽക്കുന്നു. ഉൽപാദന മേഖലയെ പ്രതിസന്ധി ബാധിച്ചപ്പോൾ ബാങ്കുകളുടെ ലാഭത്തിന്റെ അളവിൽ കുറവുണ്ടായി എന്നത് ശരിയാണെങ്കിലും പലിശാധിഷ്ഠിത ബാങ്കുകളെ അപേക്ഷിച്ച് ഏറെ മുന്നിലാണ് ഇവ. ഉദാഹരണമായി, കുവൈത്തിലെയും ജോർദാനിലെയും ഇസ്‌ലാമിക് ബാങ്കുകൾ 2008-ൽ ആസ്തിയിൽ 15 ശതമാനം വർധന നേടിയപ്പോൾ മൊത്തം ബാങ്കിംഗ് രംഗത്തെ വളർച്ച 11 ശതമാനം മാത്രമായിരുന്നു. പരമ്പരാഗത ബാങ്കുകളിലെ ഇസ്‌ലാമിക ജാലകങ്ങളിലും ഇടപാടുകളിൽ വൻ വളർച്ചയുണ്ടായി. യു.എ.ഇയിലെയും ഖത്തറിലെയും ഇത്തരം ജാലകങ്ങളിൽ, 2007-നേക്കാൾ 80 ശതമാനം വളർച്ചയാണ് ഇടപാടുകളുടെ കാര്യത്തിൽ 2008-ൽ ഉണ്ടായത്.

ഇസ്‌ലാമിക് ബാങ്കിംഗ് ഉൽപന്നങ്ങളുടെ ഉപയോഗത്തിലും വളർച്ചയാണ് കഴിഞ്ഞ വർഷം ഉണ്ടായത്. 2003-ൽ ഖത്തറിൽ മൊത്തം ബാങ്കിംഗ് ഉൽപന്നങ്ങളുടെ 12.5 ശതമാനമായിരുന്ന ഇസ്‌ലാമിക് ബാങ്കിംഗ് ഉൽപന്നങ്ങൾ, 2008-ൽ 20.3 ശതമാനമായി വർധിച്ചു. തുർക്കിയിൽ 9.7 ശതമാനത്തിൽനിന്ന് 15.7 ശതമാനമായി. ലാഭക്ഷമതയുടെ കാര്യത്തിലും ഇസ്‌ലാമിക് ബാങ്കുകൾ തന്നെയാണ് മുന്നിൽ. പ്രതിസന്ധി ഘട്ടത്തിൽ ലാഭക്ഷമത കുറഞ്ഞെങ്കിലും പലിശാധിഷ്ഠിത ബാങ്കുകളുടെ മുന്നിൽ തന്നെയാണ് ഇപ്പോഴും ഇവയുടെ സ്ഥാനം. ഖത്തറിൽ അഞ്ച് പ്രമുഖ ബാങ്കുകളുടെ ലാഭക്ഷമത ആസ്തിയുടെ 3.2 ശതമാനമായിരുന്നെങ്കിൽ ഇസ്‌ലാമിക് ബാങ്കുകളുടേത് 5.9 ശതമാനമാണ്. യു.എ.ഇയിൽ മൂന്ന് പ്രമുഖ ഇസ്‌ലാമിക് ബാങ്കുകളുടെ ലാഭക്ഷമത 2007-ലെ 2.7 ശതമാനത്തിൽനിന്ന് 2008-ൽ 1.9 ശതമാനമായി കുറഞ്ഞെങ്കിലും പരമ്പരാഗത ബാങ്കുകളുടേത് 1.5 ശതമാനം മാത്രമാണ്. ഇസ്‌ലാമിക് ബാങ്കുകളുടെ ലാഭക്ഷമതയിൽ മറ്റു ബാങ്കുകളുമായുള്ള വൻ വ്യത്യാസം പ്രതിസന്ധിഘട്ടത്തിൽ കുറഞ്ഞ് വരുന്നത് ഇവിടെ ശ്രദ്ധേയമാണ്.

ലാഭക്ഷമത കുറയാനുള്ള മുഖ്യ കാരണം, നിക്ഷേപ വരുമാനത്തിൽ വന്ന കുറവാണ്. പ്രതിസന്ധി വ്യാപിച്ചപ്പോൾ ഇസ്‌ലാമിക ബാങ്കുകളുടെ ഓഹരി വിപണി സൂചികകൾ മറ്റു ബാങ്കുകളെ പോലെ കുറവ് രേഖപ്പെടുത്തുകയുണ്ടായി. ചില രാജ്യങ്ങളിലെങ്കിലും പലിശാധിഷ്ഠിത ബാങ്കുകളുടെ മേൽ ഇവക്കുണ്ടായിരുന്ന മേന്മ നഷ്ടപ്പെടുകയും ചെയ്തു. ഉദാഹരണത്തിന്, 2008 ജൂണിൽ ഖത്തറിലെയും യു.എ.ഇയിലെയും ഇസ്‌ലാമിക് ബാങ്കുകളുടെ ഓഹരിവില പലിശാധിഷ്ഠിത ബാങ്കുകളേക്കാൾ ഉയർന്നതാണെങ്കിൽ 2009-ൽ പരമ്പരാഗത ബാങ്കുകൾക്കായിരുന്നു ഉയർന്ന വിപണി മൂല്യം. നിക്ഷേപങ്ങളിൽനിന്നുള്ള ലാഭക്ഷമതയുടെ കുറവാണ് വരുമാനം കുറയാനിടയാക്കിയതെന്ന കാര്യവും വ്യക്തമാണ്. മൂന്ന് പ്രമുഖ ബാങ്കുകളുടെ ലാഭക്ഷമത 2007-ൽ മൊത്തം വരുമാനത്തിന്റെ 4.9 ശതമാനമായിരുന്നെങ്കിൽ 2008-ൽ 3.5 ശതമാനമായിരുന്നു. ഉയർന്ന പ്രവർത്തനച്ചെലവാണ് ലാഭക്ഷമതയെ ബാധിക്കുന്ന മറ്റൊരു പ്രധാന ഘടകം. തുർക്കിയിലെ ഇസ്‌ലാമിക് ബാങ്കുകളുടെ പ്രവർത്തനച്ചെലവ് ആസ്തിയുടെ 4.4 ശതമാനമാണെങ്കിൽ പലിശാധിഷ്ഠിത ബാങ്കുകളിത് 3.3 ശതമാനമേ വരൂ. കുവൈത്തിലെ മൂന്ന് ഇസ്‌ലാമിക് ബാങ്കുകളുടെ പ്രവർത്തനച്ചെലവ് 2.5 ശതമാനവും മറ്റു ബാങ്കുകളുടേത് 1.6 ശതമാനവുമാണ്.

അധികപണം നിക്ഷേപിക്കാൻ കഴിയാതിരിക്കുന്നതും (Liquidity Gap) ഇസ്‌ലാമിക് ബാങ്കുകൾക്ക് ഭീഷണിയാണ്. മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഇസ്‌ലാമിക് ബാങ്കുകൾക്ക് കൂടുതൽ നിക്ഷേപങ്ങൾ ലഭിക്കുന്നു എന്നത് ശരിയാണ്. എന്നാൽ ഇവ

നിക്ഷേപിക്കുന്നതിനുള്ള അവസരങ്ങൾ കണ്ടെത്തുന്നതിൽ വേണ്ടത്ര വിജയിക്കു ന്നില്ല. സ്ഥാപനങ്ങളുടെ മൂലധന അടിത്തറ ശക്തമാണ്. 2007-ൽ ഖത്തറിലെ മൂന്ന് പ്രമുഖ ഇസ്‌ലാമിക് ബാങ്കുകളുടെ മൂലധനക്ഷമത 26.8 ശതമാനമാണ്; പരമ്പരാഗത ബാങ്കുകളുടേത് 14.6 ശമാനവും. 2008-ൽ ഇത് 21.7 ശതമാനവും 14.3 ശതമാനവു മായി കുറയുകയുണ്ടായി.

ഇത്തരമൊരു സാഹചര്യത്തിൽ ഇസ്‌ലാമിക് ബാങ്കുകൾ അവയുടെ ഭാവി ശോഭ നമാക്കുന്നതിനും പ്രതിസന്ധി ഇനിയും ബാധിക്കാതെ നോക്കുന്നതിനും ശക്തമായ തീരുമാനങ്ങളെടുക്കാൻ നിർബന്ധിതമായിരിക്കുന്നു. പുതിയ രീതിയിലുള്ള ഉൽപ ന്നങ്ങളുടെ അഥവാ ഇടപാടുരീതികളുടെ വികാസമാണ് ഇതിൽ പ്രധാനം. ഇസ്‌ലാ മിക് ബാങ്കിംഗ് ഫിനാൻസ് മേഖല ആധുനിക രീതിയിൽ വികസിക്കാൻ തുടങ്ങിയിട്ട് അരനൂറ്റാണ്ട് ആയിട്ടില്ല. പ്രവാചക കാലം മുതൽ സമൂഹത്തിൽ നിലനിന്നിരുന്ന സാമ്പത്തിക രീതികളാണ് ആദ്യകാലത്ത് ബാങ്കുകളും ഉപയോഗിച്ചത്. ഇവ നിലവി ലുള്ള ഫിനാൻസ് വ്യവസ്ഥയിൽ ലാഭകരമായി നടപ്പിൽ വരുത്തുന്നതിന് ഏറ പ്രയാ സങ്ങൾ നേരിട്ടു. തുടർന്നാണ് പണ്ഡിതന്മാരുടെ ഗവേഷണങ്ങളിലൂടെ പുതിയ സാമ്പ ത്തിക വിനിമയരീതികൾ വികസിപ്പിച്ചത്. അവയാണ് ഇസ്‌ലാമിക് ബാങ്കുകളിൽ പ്ര യോഗത്തിലുള്ളതും. എന്നാൽ ഈ രീതികളിൽ പലതിനെയും ഒരു വിഭാഗം പണ്ഡി തന്മാരും സമൂഹവും സംശയദൃഷ്ടിയോടെയാണ് വീക്ഷിക്കുന്നത്. ഇസ്‌ലാമിക് ഫിനാൻസ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ചിലയിടങ്ങളിലെങ്കിലും ഇത് സ്വാധീ നിക്കുന്നുണ്ട്. ഇങ്ങനെ വികസിപ്പിക്കപ്പെട്ട ചില വിനിമയ രീതികളെങ്കിലും ശരീ അത്ത് തത്ത്വങ്ങളോട് പൂർണമായി യോജിക്കുന്നില്ല എന്നതിൽ കഴമ്പുണ്ട് താനും. ഈ സാഹചര്യത്തിലാണ് ബാങ്കുകളുടെ പ്രവർത്തനക്ഷമത വർധിപ്പിക്കാനും ആധു നിക സാഹചര്യങ്ങൾക്കനുസരിച്ച് മത്സരാധിഷ്ഠിതമാക്കാനും പുതിയ രീതിയിലുള്ള വിനിമയ രീതികൾ വികസിപ്പിക്കാനും ശരീഅത്ത് ഗവേഷകർ ശ്രമിച്ചുകൊണ്ടിരിക്കു ന്നത്. മാറുന്ന ലോകത്ത് മത്സരാധിഷ്ഠിത കമ്പോളത്തിൽ പിടിച്ചുനിൽക്കാൻ ശരീ അത്ത് നിയമങ്ങൾക്കകത്തു നിന്നുകൊണ്ടുതന്നെ പുതിയ രീതികൾക്ക് ഇനിയും സാധ്യതകൾ ഏറെയുണ്ട്.

പുതിയ നിക്ഷേപ ഇടങ്ങൾ കണ്ടെത്തി വരുമാനം ഉറപ്പുവരുത്താനാണ് ഇസ്‌ലാ മിക് ബാങ്കുകളുടെ മറ്റൊരു ശ്രമം. സമീപകാലത്ത് മാത്രം ഇസ്‌ലാമിക് ബാങ്കിംഗ് ആരംഭിച്ചതും ആരംഭിക്കാനിരിക്കുന്നതുമായ ചൈന, സിങ്കപ്പൂർ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലെ നിക്ഷേപ സ്ഥാപനങ്ങളുമായോ സർക്കാറുകളുമായോ ഉഭയകക്ഷി കരാ റിലെത്തി ഗൾഫ് ബാങ്കുകളിലെ അധിക വിഭവങ്ങൾ നിക്ഷേപിക്കാനുള്ള ഇടം കണ്ടെ ത്താമെന്ന് ബാങ്കുകൾ കരുതുന്നു. അതിനുള്ള ചർച്ചകൾ പല ബാങ്കുകളും ആരം ഭിച്ചു കഴിഞ്ഞു. ഏറെ സാധ്യതകളുള്ള ഇക്കാര്യത്തിൽ ഇന്ത്യ അത്ര താൽപര്യം കാണിക്കാത്തതിൽ അസ്വസ്ഥരാണ് ഇസ്‌ലാമിക് ബാങ്കുകൾ.

2008-ൽ ഒരു സ്വകാര്യ സ്ഥാപനം നടത്തിയ സർവേ പ്രകാരം, അടുത്ത മൂന്നു വർഷത്തേക്ക് ഗൾഫ് രാജ്യങ്ങളിൽനിന്നുള്ള ഏതാണ്ട് മുഴുവൻ നിക്ഷേപ കമ്പനി കളും മുന്നോട്ടു വെക്കുക ഇസ്‌ലാമിക് ഫണ്ടുകളായിരിക്കും. അമേരിക്കയിൽ 64 ശതമാനവും യൂറോപ്പിൽ 57 ശതമാനവും നിക്ഷേപക കമ്പനികൾ തെരഞ്ഞെടുക്കു ന്നതും ഇസ്‌ലാമിക് ഫണ്ടുകൾ തന്നെ. നിക്ഷേപ ബാങ്കിംഗ് രംഗത്ത് ഇസ്‌ലാമിക് ബാങ്കുകൾ ഏറെ പിറകിലാണ്. ഇത് വർധിപ്പിക്കേണ്ടതുണ്ട്. പ്രതിസന്ധിയോടെ തിരി ച്ചടി നേരിട്ട സുകൂക് മാർക്കറ്റുകളും (ഇസ്‌ലാമിക് ബോണ്ട്) 2010-ൽ തിരിച്ചുവരവ്

പ്രതീക്ഷിക്കുന്നു.

ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം സാമ്പത്തിക രീതികളെന്ന ഇസ്‌ലാമിക് ബാങ്കുകളോടുള്ള കാഴ്ചപ്പാട് മാറിക്കഴിഞ്ഞു. യൂറോപ്പിലും അമേരിക്കൻ നാടുകളിലും ഇസ്‌ലാമിക് ബാങ്കിംഗ് പഠനരംഗത്തും ഗവേഷണ രംഗത്തും പ്രായോഗികരംഗത്തും കടന്നുവരുന്നത് മറ്റുള്ളവരാണ്.

ഇപ്പോൾ ലോക ഫിനാൻസ് മേഖലയിൽ ചെറിയൊരു ശതമാനം മാത്രം (5 ശതമാനത്തിൽ താഴെ) ഇടമുള്ള ഇസ്‌ലാമിക് ഫിനാൻസിന് ഇനി കുതിച്ചുചാട്ടത്തിന്റെ കാലമാണ്. അതിന് നേതൃത്വം നൽകുന്നതിന് ലോക രാഷ്ട്രങ്ങൾ മത്സരിക്കുന്നു. ലോക ഇസ്‌ലാമിക് ഫിനാൻസിന്റെ കേന്ദ്രമാവാൻ ബ്രിട്ടൻ സർവസന്നാഹവും നടത്തിക്കൊണ്ടിരിക്കുന്നു. അറബ് മേഖലയിൽ ബഹ്റൈനും ദുബൈയും ഇതേ സ്ഥാനത്തിനായി മത്സരിക്കുന്നു. ഏഷ്യയിലാവട്ടെ സിങ്കപ്പൂരും ചൈനയും തമ്മിലാണ് മത്സരം. ഏഷ്യയിൽ ഇസ്‌ലാമിക് ഫിനാൻസിന്റെ കേന്ദ്രം തങ്ങളാവണമെന്നാണ് ഇവരുടെ ആഗ്രഹം. സിങ്കപ്പൂർ അടുത്ത ജൂണിൽ ലോക ഇസ്‌ലാമിക് ബാങ്കിംഗ് സമ്മേളനത്തിന് ആതിഥ്യമരുളുകയാണ്. എല്ലാറ്റിനും സാധ്യതയും വിഭവങ്ങളുമുള്ള ഇന്ത്യ മാത്രം പിന്നിലാവുമോ? ഇപ്പോൾ നടന്നുവരുന്ന ശ്രമങ്ങൾ വിജയിച്ചാൽ തീർച്ചയായും പ്രതീക്ഷക്ക് വകയുണ്ട്. ■

mohdpalath@gmail.com